## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** **05-12-2022 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്ത് നടപ്പിലാക്കിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടപ്പിലാക്കിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | യുവജനങ്ങളിലെ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരെ ഏകോപിപ്പിച്ച് വിവിധ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയും, എക്സൈസ് വകുപ്പും, വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകി.<br><br>സംസ്ഥാനത്തെ ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചാരണ ജാഥകൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ ഊരുകളിൽ “ലഹരിക്കെതിരെ ഫുട്ബോൾ ലഹരി” എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ അടങ്ങിയ സിനിമ |

| | | | |
|---|---|---|---|
| | | | പ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുഡ്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെടുകയുണ്ടായി.<br><br>ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 22-നും, സംസ്ഥാനത്തൊട്ടാകെ ഗ്രന്ഥശാലകളിലും, വീടുകളിലും, വ്യാപാര സ്ഥാപനങ്ങളിലും ഒക്ടോബർ 24, 25 തീയതികളിലും ലഹരി വിരുദ്ധ ദീപം തെളിയിച്ചു. ഒന്നാം ഘട്ട പ്രചാരണ പ്രവർത്തനങ്ങളുടെ സമാപനത്തോടനുബന്ധിച്ച് വിളംബര ജാഥകളും റാലികളും സംഘടിപ്പിച്ചു. ഒന്നാം ഘട്ട പ്രചരണ പരിപാടി 2022 നവംബർ 1 ന് സംസ്ഥാനത്തൊട്ടാകെ എല്ലാ വിദ്യാലയങ്ങളിലും, പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ലഹരിവിരുദ്ധ ശൃംഖല തീർത്ത് സമാപിച്ചു. ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ എടുക്കുകയും, പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. ഒന്നാം ഘട്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ജനകീയ പങ്കാളിത്തത്തെ തുടർന്ന് രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനം നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി വരുന്നു.<br><br>സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ', എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരെ പ്രവർത്തിക്കുന്നു. മയക്കമരുന്ന് കേസുകളിൽ ഉൾപ്പെട്ട ചെറുപ്പക്കാർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗും ചികിത്സയും നൽകി വരുന്നു. ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി കൗൺസിലിംഗ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | 2021-22 കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് | (ബി) | 2021 –22 കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ അനുബന്ധമായി |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ? | | ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ജില്ല | അബ്കാരി | എൻ.ഡി.പി.എസ് | കോട്പ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 1612 | 294 | 7793 | 9699 |
| കൊല്ലം | 1821 | 231 | 6554 | 8606 |
| പത്തനംതിട്ട | 1544 | 183 | 10400 | 12127 |
| ആലപ്പുഴ | 1370 | 223 | 3706 | 5299 |
| കോട്ടയം | 1333 | 236 | 8005 | 9574 |
| ഇടുക്കി | 896 | 361 | 3542 | 4799 |
| എറണാകുളം | 1137 | 529 | 5758 | 7424 |
| തൃശ്ശൂർ | 1309 | 443 | 5033 | 6785 |
| പാലക്കാട് | 2048 | 239 | 3093 | 5380 |
| മലപ്പുറം | 1105 | 290 | 5499 | 6894 |
| കോഴിക്കോട് | 1500 | 139 | 2697 | 4336 |
| വയനാട് | 975 | 230 | 3379 | 4584 |
| കണ്ണൂർ | 1775 | 387 | 8131 | 10293 |
| കാസർഗോഡ് | 1091 | 72 | 1939 | 3102 |
| **ആകെ** | **19516** | **3857** | **75529** | **98902** |

സെക്ഷൻ ഓഫീസർ